समुद्री उत्पाद निर्यात विकास प्राधिकरण
(वाणिज्य एवं उद्योग मंत्रालय, भारत सरकार)
एम पी ई डी ए भवन, पनंपिल्ली एवन्यू
डाक पेटी सं. 4272, कौच्ची-682036, भारत
The Marine Products Export Development Authority
(Ministry of Commerce & Industry, Govt. of India)
MPEDA House, Panampilly Avenue
P.B. No. 4272, Kochi-682 036, India

फोन Phone : 2311979, 2311901, 2311854, 2311803, 2313415, 2314468, 2315065
फैक्स Fax : 91-484-2313361
E-mail : ho@mpeda.gov.in
Website : www.mpeda.com

പത്രക്കുറിപ്പ് 16.12.2020

# മത്സ്യകർഷകർക്കായുള്ള ആദ്യ എംപിഇഡിഎ കോൾസെന്റർ വിജയവാഡയിൽ

കൊച്ചി: മത്സ്യകർഷകർക്കായുള്ള സമുദ്രോത്പന്ന കയറ്റുമതി വികസന അതോറിറ്റി(എംപിഇഡിഎ)യുടെ രാജ്യത്തെ ആദ്യ കോൾസെന്റർ വിജയവാഡയിൽ ആരംഭിച്ചു. 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾസെന്റർ മുഖാന്തിരം മത്സ്യകൃഷിയെക്കുറിച്ചുള്ള സാങ്കേതിക വിവരങ്ങൾ, അടിസ്ഥാനപരമായ വിജ്ഞാനം, നവീന കൃഷി രീതികൾ തുടങ്ങിയവ കർഷകർക്ക് ലഭിക്കും.

ഗുണമേന്മ വർധിപ്പിക്കുന്നതിനും വിളവെടുപ്പ് കൂട്ടാനുമായി മികച്ച കൃഷി രീതികൾ അവലംബിക്കാൻ കോൾസെന്റർ കർഷകരെ സഹായിക്കുമെന്ന് എംപിഇഡിഎ ചെയർമാൻ ശ്രീ കെ എസ് ശ്രീനിവാസ് പറഞ്ഞു. വീഡിയോ കോൺഫറൻസിലൂടെ കോൾ സെന്ററിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

1800-425-4648 എന്ന നമ്പരിൽ കോൾസെന്ററിലേക്കുള്ള വിളി സൗജന്യമാണ്. കമ്പ്യൂട്ടർ അധിഷ്ഠിത ശബ്ദനിയന്ത്രണ സംവിധാനത്തിലാണ് ഈ നമ്പർ പ്രവർത്തിക്കുന്നത്. വ്യാജന്മാരിൽ നിന്നും ഉപദേശം തേടാതെ സാങ്കേതിക വിദഗ്ധരിൽ നിന്നും നേരിട്ട് കാര്യങ്ങൾ മനസിലാക്കാനുള്ള അവസരം കോൾ സെന്റർ വഴി ലഭിക്കുമെന്ന് ചെയർമാൻ ചൂണ്ടിക്കാട്ടി. എംപിഇഡിഎയുടെ പ്രാദേശിക ഓഫീസുകൾ വഴി ലഭിക്കുന്ന സേവനങ്ങളെക്കുറിച്ചും കോൾസെന്ററിലൂടെ വിവരങ്ങൾ ലഭിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

പ്രാഥമികമായി ആന്ധ്രാപ്രദേശിലെ മത്സ്യകർഷകർക്ക് വേണ്ടിയാണ് കോൾസെന്റർ ആരംഭിച്ചിരിക്കുന്നത്. രാജ്യത്തെ സമുദ്രോത്പന്ന കയറ്റുമതിയുടെ 60 ശതമാനവും ഈ സംസ്ഥാനത്തു നിന്നാണ് ഉത്പാദിപ്പിക്കുന്നത്. ഇംഗ്ലീഷിലും ഹിന്ദിയിലുമുള്ള വിവരങ്ങളും കോൾസെന്ററിൽ നിന്ന് ലഭിക്കും.

കഴിഞ്ഞ കൊല്ലം രാജ്യത്തുത്പാദിപ്പിച്ച 7,47,111 ടൺ ചെമ്മീനിൽ 68 ശതമാനവും ആന്ധ്രാപ്രദേശിൽ നിന്നായിരുന്നു. 75,000 ഹെക്ടർ സ്ഥലത്തായി 52,000 ചെമ്മീൻ കൃഷിയിടങ്ങളാണ് ഇവിടെയുള്ളത്.

ഈ സാഹചര്യം വിലയിരുത്തിയാൽ ആന്ധ്രാപ്രദേശിൽ കോൾസെന്ററിന്റെ ആവശ്യകത ഏറെയാണെന്ന് ചെയർമാൻ വ്യക്തമാക്കി. രാജ്യത്തെ സമുദ്രോത്പന്ന കയറ്റുമതി ഊർജ്ജിതപ്പെടുത്തുന്നതിന കർഷകർക്ക് ആവശ്യമായ എല്ലാ സഹായവും ചെയ്യാൻ എംപിഇഡിഎ പ്രതിജ്ഞാബദ്ധമാണെന്ന് ഇതിലൂടെ തെളിയിച്ചിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

വിളവെടുപ്പ് സമയത്ത് ചെറുകിട മത്സ്യകർഷകർക്ക് ശരിയായ വിദഗ്ധോപദേശം പലപ്പോഴും ലഭിക്കാറില്ലെന്ന് ചടങ്ങിൽ സ്വാഗതം പറഞ്ഞ എംപിഇഡിഎ ഡയറക്ടർ ഡോ. കാർത്തികേയൻ പറഞ്ഞു. ഈ സാഹചര്യത്തിൽ പരിചയസമ്പന്നരല്ലാത്ത വ്യക്തികളെയോ, മീൻതീറ്റ വിതരണക്കാരെയോ ആണ് കർഷകർ ആശ്രയിക്കുന്നത്. ഇതിലൂടെ വിളവെടുപ്പ് മോശമാവുകയും ഗുണമേന്മ കുറയുകയും ചെയ്യും. മത്സ്യകൃഷിയിലെ ദൈനംദിന സംശയങ്ങൾ, സാങ്കേതിക ഉപദേശങ്ങൾ തുടങ്ങിയവ കോൾസെന്ററിലൂടെ ആന്ധ്രാപ്രദേശിലെ കർഷകർക്ക് ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.

കോൾസെന്റർ തുടങ്ങിയ എംപിഇഡിഎയുടെ നടപടിയെ ആന്ധ്രാപ്രദേശ് ഫിഷറീസ് കമ്മീഷണർ ശ്രീ കൃഷ്ണ ബാബു അഭിനന്ദിച്ചു. സംസ്ഥാന സർക്കാരിന്റെ എല്ലാ സഹകരണവും സെന്ററിനുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

समुद्री उत्पाद निर्यात विकास प्राधिकरण
(वाणिज्य एवं उद्योग मंत्रालय, भारत सरकार)
एम पी ई डी ए भवन, पनंपिल्ली एवन्यू
डाक पेटी सं. 4272, कौच्ची-682036, भारत

The Marine Products Export Development Authority
(Ministry of Commerce & Industry, Govt. of India)
MPEDA House, Panampilly Avenue
P.B. No. 4272, Kochi-682 036, India

फोन Phone : 2311979, 2311901, 2311854, 2311803, 2313415, 2314468, 2315065
फैक्स Fax : 91-484-2313361
E-mail : ho@mpeda.gov.in
Website : www.mpeda.com

മത്സ്യകൃഷി മികച്ച രീതിയിൽ കൊണ്ടു പോകാനും പ്രധാനമന്ത്രിയുടെ ആത്മനിർഭർ ഭാരത് എന്ന ആഹ്വാനം പ്രാവർത്തികമാക്കാനും കർഷകർക്ക് കോൾസെന്ററിന്റെ സഹായത്തിലൂടെ സാധിക്കുമെന്ന് എംപിഇഡിഎ അംഗം ഡോ. യു. ജോഗി ആനന്ദ വർമ്മ പറഞ്ഞു.

പ്രോൺ ഫാർമേഴ്സ് ഫെഡറേഷൻ ഓഫ് ഇന്ത്യ ജനറൽ സെക്രട്ടറി ശ്രീ ബാല സുബ്രഹ്മണ്യൻ വി, നാഷണൽ സെന്റർ ഫോർ സസ്റ്റെയനബിൾ അക്വാകൾച്ചർ അംഗങ്ങൾ, ഈ മേഖലയിലെ മറ്റ് പങ്കാളികൾ തുടങ്ങിയവരും ചടങ്ങിൽ സംബന്ധിച്ചു.

വിജയവാഡയിലെ എംപിഇഡിഎ റീജ്യണൽ ഡിവിഷൻ ഡെപ്യൂട്ടി സെക്രട്ടറി ശ്രീ കെ ശിവരാജൻ നന്ദി അറിയിച്ചു.